# 5 എത്രയെണ്ണം?



## മുത്തശ്ശനോടൊപ്പം ഉള്ള സഞ്ചാരം.




ചിത്രം നോക്കി അവർ ഏതൊക്കെ പ്രവർത്തനങ്ങളിൽ ഇടപെടുന്നു എന്ന് പറയട്ടെ. എത്രപേർ പാർക്കിൽ എത്തുന്നു, എത്ര കുട്ടികൾ ആദ്യത്തെ ചിത്രത്തിൽ കളിക്കുന്നു, എത്രപേർ അവരോടൊപ്പം കൂടുന്നു, എന്നീ കാര്യങ്ങളെല്ലാം ചിത്രങ്ങൾ നോക്കി കുട്ടികൾ പറയുന്നു. മുത്തശ്ശനും മുത്തശ്ശിക്കുമൊപ്പം സമയം ചെലവഴിക്കേണ്ട പ്രാധാന്യത്തെയും അവരോട് ബഹുമാനം കാട്ടേണ്ടതിന്റെ പ്രസക്തിയെയും കുറിച്ചും എല്ലാം കുട്ടികളുമായി ചർച്ച ചെയ്യാം




© NCERT not to be republished

## ആകെ എത്ര എണ്ണം ഉണ്ട്. പൂരിപ്പിക്കുക




4 കുട്ടികളും 2 കുട്ടികളും ചേർന്നാൽ ____ കുട്ടികൾ

$4 + 2 = \square$



3 പമ്പരങ്ങളും 1 പമ്പരവും ചേർന്നാൽ ______ പമ്പരങ്ങൾ.

$3 + 1 = \square$



3 ഉറുമ്പുകളും 2 ഉറുമ്പുകളും ചേർന്നാൽ ______ ഉറുമ്പുകൾ.

$3 + 2 = \square$



4 പെൻസിലുകളും 3 പെൻസിലുകളും ചേർന്നാൽ _____ പെൻസിലുകൾ


$4 + 3 = \square$


വിവിധതരം വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് കണക്കു കൂട്ടുവാനുള്ള പരമാവധി അവസരം കുട്ടികൾക്ക് നൽകുക. രണ്ട് കൂട്ടങ്ങൾ ചേർത്തുകൊണ്ടുള്ള എണ്ണ (aggregation) ത്തോടൊപ്പം ഒരു കൂട്ടത്തിലേക്ക് കൂടുതൽ വസ്തുക്കൾ കൂട്ടി (augmentation) യുള്ള പരിശീലനം. രണ്ട് തരത്തിലുള്ള കണക്ക് കൂട്ടലുകളുടെ പ്രവർത്തനങ്ങളും കുട്ടികളെ പരിശീലിപ്പിക്കുക.



© NCERT not to be republished

## കൂട്ടിച്ചേർത്തു വരയ്ക്കുക






______________

**6** പന്തുകളും **2** പന്തുകളും ചേർന്നാൽ _____ പന്തുകൾ

$6 + 2 = \square$



$7 + 1 = \square$



### നമുക്ക് എണ്ണാം.

A. നിങ്ങളുടെ മാതാപിതാക്കൾക്ക് എത്ര സഹോദരി സഹോദരന്മാർ ഉണ്ട്?

B. നിങ്ങൾക്കും  കൂട്ടുകാരനും കൂടി എത്ര കുടുംബാംഗങ്ങൾ ഉണ്ട്.

C. നിങ്ങടെ രണ്ട് കാലുകളിലും കൈകളിലും കൂടി എത്ര വിരലുകൾ ഉണ്ട്?

D. നിങ്ങളുടെ വിരലുകളിൽ എത്ര എണ്ണാൻ കഴിയും




കൂട്ടിയ വാക്യങ്ങൾ മനസ്സിലാക്കിക്കാനും ഉറക്കെ പറയിക്കുവാനും ശ്രമിക്കുക. ഉദാഹരണം നാലു കുട്ടികളും രണ്ട് കുട്ടികളും ചേർന്നാൽ ആകെ ആറ് കുട്ടികളാകും. അതിനോടൊപ്പം 'ചേർന്നാൽ' എന്ന വാക്ക് കൂട്ടുക (+) ആകെ എന്ന വാക്ക് സമം'='എന്ന ചിഹ്നവുമായി കുട്ടികൾക്ക് ബന്ധപ്പെടുത്താൻ കഴിയണം. ആകെ, കൂട്ടുക, സമം തുടങ്ങിയ വാക്കുകൾ ചുറ്റുപാടുമുള്ള വസ്തുക്കളുടെ പ്രായോഗികമായ അവതരണത്തിലൂടെ ബോധ്യപ്പെടണം.




© NCERT not to be republished


## മൊത്തം വിരലുകളുടെ എണ്ണം എണ്ണി എഴുതുക.




4 + 3 = ____




3 + 2 = ____



5 + 3 = ____



4 + 0 = ____





4 + 4 = ____



## നമുക്ക് കളിക്കാം - പകിടക്കൊപ്പം കൂട്ടിച്ചേർക്കൽ!

രണ്ട് പകിടകൾ ഒരുമിച്ച് ഉരുട്ടി, രണ്ട് പകിടകളിലെയും മൊത്തം കുത്തുകളുടെ എണ്ണം കണ്ടെത്തുക. നിങ്ങളുടെ സുഹൃത്തിനോടും പകിട ഉരുട്ടി മൊത്തം കുത്തുകളുടെ എണ്ണം കണ്ടെത്താൻ ആവശ്യപ്പെടുക. ആരാണ് കൂടുതൽ സ്കോർ ചെയ്യുന്നതെന്ന് കണ്ടെത്തുക





© NCERT not to be republished




## നമുക്ക് പ്രവർത്തിക്കാം

കിഷോറും നിത്യയും ഒരേ ഗെയിം കളിച്ചു, ഇതാ പകിടയിൽ അവരുടെ കുത്തുകൾ. കിഷോർ എത്ര തവണ ജയിച്ചുവെന്നും എത്ര തവണ നിത്യ ജയിച്ചുവെന്നും അവരുടെ സ്കോർബോർഡിൽ ശരി ചിഹ്നം ഇട്ട് കണ്ടെത്തുക.



| | കിഷോർ | നിത്യ |
|---|---|---|
| എ. | ✓ | |
| ബി | | |
| സി | | |
| ഇ | | |
| കൂട്ടണം | | |







© NCERT not to be republished


## മുത്തുകളും നൂലും

ചുവടെ നൽകിയിരിക്കുന്ന സംഖ്യകൾ അനുസരിച്ച് ചരടിലെ മുത്തുകൾക്ക് നിറം നൽകുക, മൊത്തം നിറമുള്ള മുത്തുകളുടെ എണ്ണം കണ്ടെത്തുക.


എ $3 + 4 =$ ____




ബി $4 + 2 =$ ____




ഡി $5 + 4 =$ ____



സി $2 + 7 =$ ____



ഇ $7 + 3 =$ ____



മുത്തുകളും ചരടുകളും ഉപയോഗിച്ച് കളിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുക. കൂട്ടുക എന്ന പ്രക്രിയയ്ക്ക് പ്രാധാന്യം കൊടുക്കുക. കൂട്ടാൻ ഉപയോഗിക്കുന്ന രീതികൾ ക്ലാസിൽ ചർച്ച ചെയ്യുക




© NCERT not to be republished

## ചാടി ആകെ തുക കണ്ടെത്തുക


4 + 2 =





3 + 2 =




5 + 3 =




6 + 3 =




© NCERT not to be republished

## നിങ്ങളുടെ സ്വന്തം രീതിയിൽ കൂട്ടുക

അബ്ദുളും റിഹാനയും രണ്ട് വ്യത്യസ്ത രീതികളിലാണ് സംഖ്യകൾ ചേർക്കുന്നത്. ആകെ തുക കണ്ടെത്താൻ അവരെ സഹായിക്കുക.





| | |
|---|---|
| $\begin{array}{r} 2 \\ +\ 3 \\ \hline \square \end{array}$ | $2 + 3 = \square$ |
| $\begin{array}{r} 5 \\ +\ 1 \\ \hline \square \end{array}$ | $5 + 1 = \square$ |
| $\begin{array}{r} 3 \\ +\ 3 \\ \hline \square \end{array}$ | $3 + 3 = \square$ |
| $\begin{array}{r} 9 \\ +\ 1 \\ \hline \square \end{array}$ | $9 + 1 = \square$ |

© NCERT not to be republished

## നമുക്ക് ചെയ്യാം

A. സംഖ്യാ ജോഡികൾ പൂരിപ്പിക്കുക.




*കൊണാർക്കിലെ സൂര്യരഥത്തിലെ ചക്രങ്ങൾ.*

B. സംഖ്യകൾ കൂട്ടി ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| 1 + 4 | 5 | 4 + 2 |
| 6 + 3 | 6 | 3 + 4 |
| 5 + 2 | 7 | 3 + 2 |
| 0 + 6 | 9 | 5 + 4 |

## പ്രോജക്ട് വർക്ക്

0 മുതൽ 9 വരെയുള്ള പത്തു കാർഡുകൾ എടുക്കുക.

ആകെ തുക 9 കിട്ടുന്ന രീതിയിൽ ക്രമീകരിക്കുക

ഇത് ചെയ്യുവാൻ ഒരുപാട് മാർഗങ്ങളുണ്ട്.എത്ര രീതിയിൽ നിങ്ങൾക്ക് ഇത് ചെയ്യാം.

$\square + \square = 9$

$\square + \square + \square = 9$

$\square + \square = 9$

© NCERT not to be republished

## കൂട്ടിച്ചേർക്കൽ കഥ

A. രാഘവന്  നാല് കക്കകൾ ഉണ്ട്.  സരിതയ്ക്ക്  അഞ്ച് കക്കകളും . ആകെ എത്ര കക്കകൾ ഉണ്ട്. ☐

B. രഞ്ജിത്തിന്റെ കയ്യിൽ മൂന്ന്  മാർബിൾ ഉണ്ട്. മീനാക്ഷിയുടെ കയ്യിൽ 6 മാർബിൾ . ഉണ്ട്. അങ്ങനെയെങ്കിൽ ആകെ എത്ര മാർബിൾ ഉണ്ട്. ☐

C. ഒരു ബാഗിൽ മൂന്ന് നാളികേരമുണ്ട്  മറ്റൊരു ബാഗിൽ നാല് നാളികേരമുണ്ട്.  എങ്കിൽ ആകെ എത്ര നാളികേരമുണ്ട്. ☐

## നമ്മുടെ ബാഗുകളിൽ എന്താണുള്ളതെന്ന് നമുക്ക് നോക്കാം.

നിങ്ങളുടെ സുഹൃത്തിനൊപ്പം ഇത് ചെയ്യുക, ചുവടെയുള്ള ഉത്തരങ്ങൾ എഴുതുക.




A. എന്റെ ബാഗിൽ ______ പുസ്തകങ്ങളുണ്ട്. എന്റെ സുഹൃത്തിന് പുസ്തകങ്ങളുണ്ട്. ഞങ്ങൾക്ക്______ രണ്ടുപേർക്കും കൂടി____________ പുസ്തകങ്ങൾ ഉണ്ട്.

B. എനിക്ക് ______ പെൻസിലുകൾ ഉണ്ട്, എന്റെ സുഹൃത്തിന് ______ പെൻസിലുകൾ ഉണ്ട്. ഞങ്ങൾക്ക് _________ പെൻസിലുകൾ മൊത്തത്തിൽ ഉണ്ട്.


C. എനിക്ക് ______ നോട്ട്ബുക്കുകളും എന്റെ സുഹൃത്തിന് ______ നോട്ട്ബുക്കുകളും ഉണ്ട്. ഞങ്ങൾക്ക് മൊത്തം _________ നോട്ട്ബുക്കുകൾ ഉണ്ട്.



### ചിന്തിച്ച് പ്രവർത്തിക്കാം




വരകൾ സൂചിപ്പിക്കുന്നതുപോലെ 1,2,3 എന്നീ നമ്പറുകൾ ഈ പെട്ടിയിൽ എഴുതുക. കൂട്ടുമ്പോൾ 6 എന്ന സംഖ്യ കിട്ടുന്ന രീതിയിൽ ആയിരിക്കണം എഴുതേണ്ടത്.



ഈ പ്രവർത്തനങ്ങൾ യോജിച്ച് ചെയ്യാം. സ്വയം ചോദ്യങ്ങളും പ്രശ്നങ്ങളും കണ്ടെത്തുവാൻ കുട്ടികളെ പ്രേരിപ്പിക്കുക.ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഒരു ക്ഷേത്രമായ ഒഡീഷ്യയിലെ സൂര്യരഥത്തിലെ ചക്രത്തെക്കുറിച്ച് ചിത്രം കാണിച്ച് (പേജ് 56)കുട്ടികൾക്ക് പറഞ്ഞു നൽകുക.



© NCERT not to be republished

## അഞ്ച് കൊച്ചു കുട്ടികൾ

അഞ്ചു കൊച്ചുകുട്ടികൾ
നിങ്ങളുടെ കൈ ഉയർത്തു
ഇതാ നിങ്ങളുടെ സ്ഥലം എത്തി.
അലറിക്കൊണ്ട് പുറത്തേക്കൊരു
കാൽവെപ്പ്.
ഇപ്പോൾ ഞങ്ങൾ നാല് പേർ







നാല് കൊച്ചു കുട്ടികൾ
നിങ്ങളുടെ കൈ ഉയർത്തു
ഇതാ നിങ്ങളുടെ സ്ഥലം എത്തി.
മരത്തിൻറെ അടുത്ത്
പുറത്തേക്കൊരു കാൽവെപ്പ്.
ഇപ്പോൾ ഞങ്ങൾ മൂന്ന് പേർ





മൂന്ന് കൊച്ചുകുട്ടികൾ
നിങ്ങളുടെ കൈ ഉയർത്തു
ഇതാ നിങ്ങളുടെ സ്ഥലം എത്തി.
തിളങ്ങുന്ന ഷൂവുമായി
പുറത്തേക്കൊരു കാൽവെപ്പ്.
ഇപ്പോൾ ഞങ്ങൾ രണ്ടു പേർ.

© NCERT not to be republished

രണ്ടു കൊച്ചുകുട്ടികൾ
നിങ്ങളുടെ കൈ ഉയർത്തു
ഇതാ നിങ്ങളുടെ സ്ഥലം
എത്തി.
സൂര്യനെ നോക്കി
പുറത്തേക്കൊരു കാൽവെപ്പ്.
ഇപ്പോൾ ഞാൻ ഒരാൾ ബാക്കി.






ഒരു കൊച്ചുകുട്ടി
നിങ്ങളുടെ കൈ ഉയർത്തു
ഇതാ നിങ്ങളുടെ സ്ഥലം എത്തി.
ഒരുപാട് സന്തോഷത്തോടെ
അവസാനത്തെ കാൽവെപ്പ്.
ഇനി ആരും ബാക്കിയില്ല



## നമുക്ക് സംസാരിക്കാം.

A. ബസ്സിൽ ആദ്യം എത്ര പേരുണ്ടായിരുന്നു?

B. ആദ്യ സ്ഥലത്ത് എത്തിയപ്പോൾ എത്ര പേർ ബസ്സിൽ നിന്നും ഇറങ്ങി.

C. ആദ്യത്തെ കുട്ടി ബസ്സിൽ നിന്ന് ഇറങ്ങിയപ്പോൾ പിന്നീട് എത്രപേർ ബസ്സിൽ ഉണ്ടായിരുന്നു?

D. രണ്ടാമത്തെ സ്ഥലത്ത് നിന്നും ബസ് വിട്ടപ്പോൾ എത്ര കുട്ടികൾ ഉണ്ടായിരുന്നു? ഇതുപോലെ മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും സ്ഥലത്തെ കാര്യങ്ങൾ എഴുതുക.

E. അവസാനം എത്ര കുട്ടികൾ ബസ്സിൽ ഉണ്ടായിരുന്നു.



## പ്രോജക്ട് വർക്ക്

വീട്ടിൽ എത്ര പേരുണ്ടെന്ന് കണ്ടെത്തുക. എത്രപേർ സ്കൂളിൽ പോകുന്നു, എത്രപേർ ജോലിക്ക് പോകുന്നു, ബാക്കി എത്രപേർ വീട്ടിൽ ഉണ്ടാകും.

© NCERT not to be republished






## നമുക്ക് ചെയ്യാം.

### എത്ര ബാക്കിയുണ്ട്?

A. പൂരിപ്പിക്കുക

i.

6 തവളകൾ | രണ്ടെണ്ണം ചാടിപ്പോയി | _______ ബാക്കി

6 – 2 = ______




ii.

7 ബലൂണുകൾ. | _______ പറന്നുപോയി | 5 ബാക്കി.

7 – 2 = ______

iii.

9 പഴങ്ങൾ | 6 എണ്ണം എടുത്തു. | _____ ബാക്കി

9 – 6 = ______

© NCERT not to be republished

A. ബാക്കി വന്ന വസ്തുക്കൾ വരയ്ക്കുക. ഒപ്പം ശരിയായ ഉത്തരം ചേർത്ത് പൂരിപ്പിക്കുക

i.



_____ ചട്ടികൾ _____ ചട്ടികൾ പൊട്ടിപ്പോയി _____ ബാക്കി

3 − ______ = ______

ii.



*7 ലഡുകൾ* 4 എണ്ണം കഴിച്ചു. _____ ബാക്കി

7 − 4 = ______


iii.



7 പന്തുകൾ _______ കൊണ്ടുപോയി _______ ബാക്കി

7 − ______ = ______

C. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക


i. മനീഷയ്ക്ക്  ഒമ്പത് പഴങ്ങളുണ്ട് . അവൾ മൂന്നു പഴങ്ങൾ കഴിച്ചു. ബാക്കി എത്ര പഴങ്ങളുണ്ട്? ☐

ii. പൂവിൽ എട്ട്  ചിത്രശലഭങ്ങൾ ഉണ്ട്. അഞ്ച് ചിത്രശലഭങ്ങൾ പറന്നുപോയി. ബാക്കി എത്രയെണ്ണം ഉണ്ട്? ☐





© NCERT not to be republished

## നമുക്ക് ചെയ്യാം.

10 കുത്തുകൾ ഉള്ള കാർഡുകൾ ഉണ്ടാക്കുക. കുറച്ചു കുത്തുകൾ കൂട്ടുകാരൻറെ അടുത്ത് നിന്ന് ഒളിപ്പിച്ചുവെക്കുക. എത്ര കുത്തുകളാണ് ഒളിപ്പിച്ചു വച്ചിരിക്കുന്നത് എന്ന് ചോദിക്കുക.



**എത്ര കുത്തുകളാണ് ഒളിപ്പിച്ചിട്ടുള്ളത്? എത്ര കുത്തുകളാണ് കാണുവാൻ കഴിയുന്നത്.**


| ആകെ 10 കുത്തുകൾ | ഒളിഞ്ഞിരിക്കുന്ന കുത്തുകൾ. | കാണുവാൻ കഴിയുന്ന കുത്തുകൾ |
|---|---|---|
|  | 0 | 10 |
|  | | |
|  | | |
|  | | |

## പ്രോജക്ട് വർക്ക്


8 കുത്തുകൾ ഉള്ള ഒരു ഫ്രെയിം ഉണ്ടാക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. ഒരു കൈ ലേസോ ഉപയോഗിച്ച് കുറച്ചു കുത്തുകൾ ഒളിപ്പിച്ചു വെക്കുക. എത്ര കുത്തുകളാണ് ഒളിപ്പിച്ചു വെച്ചിട്ടുള്ളത്. എത്ര കുത്തുകൾ ആണ് കാണുവാൻ കുഴി കഴിയുന്നത്. സംഖ്യക്ക് എന്തെങ്കിലും ക്രമങ്ങൾ ഉണ്ടോ? മറ്റ് സംഖ്യകൾ ഉപയോഗിച്ച് ഈ പ്രവർത്തനം തുടരുക. കുത്തുകൾ ഒളിപ്പിച്ചു വെക്കാതെ ഈ പ്രവർത്തനം ചെയ്യാൻ കഴിയുമോ?

© NCERT not to be republished

## സംഖ്യ സ്ട്രിപ്പിൽ പിന്നിലേക്ക് .ചാടുക.





A. 9 ൽ നിന്നും മൂന്ന് ചുവട് പിന്നിലേക്ക് ചാടുക.




9 – 3 = 6

B. 7 ൽനിന്ന് നാല് ചുവട് പിന്നിലേക്ക് ചാടുക.




7 – 4 = ______

## നിങ്ങളുടെ സ്വന്തം രീതിയിൽ കുറയ്ക്കുക.

A. 8 – 2 = ______

B. 7 – 3 = ______

C. 9 – 5 = ______

D. 6 – 3 = ______

E. 5 – 1 = ______

F. 4 – 2 = ______

© NCERT not to be republished